Urgent / E.Mail

**നം.ബി1/8224/2011/ഡി.പി.ഐ.**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി:04/05/2011.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

**എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും**

സർ,

**വിഷയം:-** പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - 2011-2012 വർഷത്തെ അദ്ധ്യാപകരുടെയും പ്രൈമറി പ്രധാനാദ്ധ്യാപകരുടെയും പൊതു സ്ഥലമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**സൂചന:-** ഈ ഓഫീസിലെ ഇതേ നമ്പറിലുള്ള കത്തുകൾ.

ooooooo

2011-2012 വർഷത്തെ പ്രൈമറി, ഹൈസ്കൂൾ, പ്രൈമറി പ്രധാനാദ്ധ്യാപകരുടെയും പൊതു സ്ഥലമാറ്റത്തിന് ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ റിമോർട്ട്/മലയോര/ചെന്നെത്തിപ്പെടാൻ ദുർഘടം പിടിച്ച സ്കൂളുകളിൽ ഇപ്പോൾ ജോലി ചെയ്യുന്നവർക്ക്, സർവ്വീസിന്റെ പകുതി കൂടി ചേർത്ത് സീനിയോറിറ്റി നൽകി, സീനിയോറിറ്റി ലിസ്റ്റ് ചിട്ടപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. 28/10/2002 ലെ 316/2002 പൊ.വി സർക്കാർ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ മലയോര വിദൂര മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് മാത്രമേ പ്രസ്തുത ആനുകൂല്യം ലഭിക്കുകയുള്ളു. വയനാട് ജില്ല ഒഴികെ പ്രസ്തുത ആനുകൂല്യം നൽകി സീനിയോറിറ്റി പ്രസിദ്ധീകരിച്ച എല്ലാ ഉപഡയറക്ടർമാരും സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കാൻ നിർദ്ദേശിക്കുന്നു. ഇതിലേക്കായി ഐ.റ്റി.@ സ്കൂൾ വേണ്ട ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

.......2

പുനഃക്രമീകരിച്ച ലിസ്റ്റ് 06/05/2011 5മണിക്കകം പ്രസിദ്ധീകരിക്കേണ്ടതാണ്. അടുത്ത രണ്ട് ദിവസം ഇത് സംബന്ധിച്ച ആക്ഷേപങ്ങൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഫൈനൽ ലിസ്റ്റ് 09/05/2011 ൽ നിശ്ചിത സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ അദ്ധ്യാപക തസ്തികകളിലേയും ജില്ലകളിലുള്ള പൊതു സ്ഥലമാറ്റത്തിനുള്ള ഒഴിവുകൾ കൃത്യമായി, സ്കൂളുകളുടെ പേരു സഹിതം നിശ്ചിത സൈറ്റിൽ പ്രസിദ്ധപ്പെടുത്തി എന്നും ഉപഡയറക്ടർമാർ ഉറപ്പു വരുതേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്/-

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

Copy to Executive Director
IT @ school

വി.04/05/2011.